## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3227      19/06/2018 ൽ മറുപടിക്ക്

### ഭൂമി റീ-ലിങ്ക്വിഷ് ചെയ്ത് നൽകുന്നത് സംബന്ധിച്ച്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ടി.എ. റഹീം** | **ഡോ.കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| എ) | ഗ്രാമപഞ്ചായത്ത് വിലക്കെടുത്ത് കൈവശം വെയ്ക്കുന്ന ഭൂമി സർക്കാർ ആവശ്യത്തിന് വേണ്ടി വിട്ടു നൽകുന്നതിന് സർക്കാരിൽ നിന്ന് പ്രത്യേക അനുമതി വാങ്ങേണ്ടതുണ്ടോ; | എ) സർക്കാർ അനുമതി ആവശ്യമുണ്ട്. |
| ബി) | ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം ഭൂമി വിട്ടു നൽകുന്നതിൽ എന്തെങ്കിലും തടസം നിലവിലുണ്ടോ; വിശദമാക്കുമോ? | ബി) ഉണ്ട്. 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങൾ ചട്ടം (3) പ്രകാരം ഗ്രാമ പഞ്ചായത്തിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി ഏതെങ്കിലും പൊതു സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനോ സേവനങ്ങൾ നൽകുന്നതിനോ അതിന്റെ ഏതൊരുവസ്തുവും വില്പന മുഖാന്തിരമോ മറ്റ് വിധത്തിലോ കൈയ്യൊഴിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഭൂമി വിട്ടുനൽകുന്നതിനുള്ള സർക്കാർ അനുമതിക്കായി ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനം, വസ്തുവിന്റെ റവന്യൂ രേഖകൾ സഹിതം വിശദമായ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചാൽ മാത്രമേ സർക്കാർ അനുമതി നൽകാൻ സാധിക്കൂ. |

സെക്ഷൻ ഓഫീസർ